# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ - 1249

13.06.2013-ൽ
മറുപടിയ്ക്ക്

വൈപ്പിൻ പള്ളിപ്പുറം സംസ്ഥാന പാതയുടെ പുനരുദ്ധാരണം

| ചോദ്യം<br>ശ്രീ. എസ്. ശർമ്മ | ഉത്തരം<br>ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(മരാമത്തുവകുപ്പ് മന്ത്രി) |
|---|---|
| (എ) കുടിവെള്ള പൈപ്പുകൾ സ്ഥാപിക്കുന്നതിനായി വെട്ടിപ്പൊളിച്ചിരിക്കുന്ന വൈപ്പിൻ പള്ളിപ്പുറം സംസ്ഥാന പാതയുടെ പുനരുദ്ധാരണവും, ബിഎം ബിസി നിലവാരത്തിലുള്ള ടാറിങ് പ്രവൃത്തികളും ഊർജ്ജിതപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദ വിവരം ലഭ്യമാക്കുമോ; | (എ) വൈപ്പിൻ - പള്ളിപ്പുറം സംസ്ഥാനപാതയിൽ കി.മീ. 0/000 മുതൽ 5/000 വരെ വീതികൂട്ടുന്നതിന് ടാറിംഗ് ഒഴികെയുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. കി.മീ. 5/000 മുതൽ 11/000 വരെ പൈപ്പ് ഇടുന്ന പ്രവൃത്തി പൂർത്തീകരിച്ച ഭാഗത്ത് ബി.സി. ഒഴികെയുള്ള ടാറിംഗ് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. കി.മീ. 12/000 മുതൽ 19/000 വരെയുള്ള ഭാഗത്ത് 2 കി.മീ. നീളത്തിൽ ടാറിംഗ് ഒഴികെയുള്ള പ്രവൃത്തികൾ പൂർത്തിയാക്കി ബാക്കി 4 കി.മീ. പ്രവൃത്തി വെറ്റ് മിക്സ് മെക്കാർഡം നടത്തി വരുന്നു. |
| (ബി) പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള കാലതാമസമെന്തെന്ന് വ്യക്തമാക്കുമോ; പദ്ധതി എന്നത്തേക്ക് പൂർത്തിയാക്കുമെന്ന് വ്യക്തമാക്കുമോ? | (ബി) കേരള വാട്ടർ അതോറിറ്റി പൈപ്പ് ഇടുന്ന പ്രവൃത്തി യഥാസമയം പൂർത്തീകരിക്കാത്തത് കാരണം പുനരുദ്ധാരണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് കാലതാമസം നേരിടുന്നു. കേരള വാട്ടർ അതോറിറ്റി പൈപ്പ് ഇടുന്ന പ്രവൃത്തികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് ടാറിംഗ് ഒഴികെയുള്ള പ്രവൃത്തികളും, മഴക്കാലം കഴിയുന്ന മുറയ്ക്ക് ടാറിംഗ് പ്രവൃത്തികളും പൂർത്തീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ